# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 09 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ഒഇസി വിഭാഗങ്ങളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സംരക്ഷിക്കും: നിയമസഭാസമിതി

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ള ഒഇസി വിഭാഗങ്ങളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമെന്ന് പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി. തൃശൂർ കളക്ടറേറ്റിൽ നടന്ന നിയമസഭാ സമിതിയുടെ സിറ്റിങ്ങിൽ പരാതികൾക്ക് മറുപടി നൽകവേയാണ് സമിതി അദ്ധ്യക്ഷൻ ചിറ്റയം ഗോപകുമാർ എംഎൽഎ ഇക്കാര്യം വ്യക്തമാക്കിയത്.

കുംബാര സമുദായത്തെ ഒഇസി (എസ് സി) വിഭാഗത്തിൽ ഉൾപ്പെടുത്തി അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടും ഇത് പ്രാവർത്തികമാക്കുന്നില്ലെന്ന് കളിമൺപാത്ര നിർമ്മാണ കോർപ്പറേഷൻ ചെയർമാൻ കെ എൻ കുട്ടമണി പരാതി ഉന്നയിച്ചു. ഇവരുടെ ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ ചില റവന്യൂ ഉദ്യോഗസ്ഥർ അലംഭാവം പുലർത്തുന്നതായും പരാതി ഉണ്ടായി. ഇത്തരത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ തങ്ങൾക്ക് കൈമാറണമെന്ന് നിയമസഭാ സമിതി നിർദ്ദേശിച്ചു. പട്ടികജാതി വിഭാഗങ്ങൾക്ക് നടപ്പാക്കുന്ന വിദ്യാഭ്യാസ പ്രോത്സാഹനം പദ്ധതികൾ പിന്നോക്ക വിഭാഗ വികസന വകുപ്പും ഏറ്റെടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഇത്തരം പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും അഭ്യർത്ഥിക്കും.

സ്കൂളുകളിലെ കരാർ നിയമനങ്ങളിൽ സംവരണം പാലിക്കണമെന്ന സ്റ്റേറ്റ് എംപ്ലോയീസ് ആൻഡ് ടീച്ചേഴ്സ് കോൺഫെഡറേഷന്റെ അപേക്ഷ സമിതി പരിശോധിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ സംവരണം പാലിച്ചാണ് നടക്കുന്നതെന്ന് വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

സർക്കാർ ഏർപ്പെടുത്തുന്ന സാമ്പത്തിക സംവരണത്തിൽ പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരേയും ഉൾപ്പെടുത്തുക, പിന്നോക്കക്കാരായ ഗസ്റ്റഡ് ഉദ്യോഗസ്ഥരുടെ ജാതി തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ അഖില കേരള എഴുത്തച്ഛൻ സഭ പ്രതിനിധികൾ ഉന്നയിച്ചു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ മറുപടി കിട്ടിയശേഷം തുടർനടപടി സ്വീകരിക്കുമെന്ന് സമിതി വ്യക്തമാക്കി.

ഒരേ കുടുംബാംഗങ്ങളായ കളരിക്കുറുപ്പ്-കളരിപ്പണിക്കർ സമുദായംഗങ്ങൾക്ക് വ്യത്യസ്ത ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നുവെന്ന പരാതി പരിഹരിക്കണമെന്ന് സമിതി റവന്യൂ വകുപ്പിനോട് നിർദ്ദേശിച്ചു. ഒഇസി വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 200 കോടി രൂപ അനുവദിച്ചതായും ഇത് ഗുണഭോക്താക്കൾക്ക് നൽകി വരുന്നതായും പിന്നോക്ക വിഭാഗ വികസന വകുപ്പ് അധികൃതർ അറിയിച്ചു. കേന്ദ്ര വിഹിതം ലഭിക്കാത്തതു മൂലമുള്ള പ്രശ്നങ്ങളാണ് ഇപ്പോഴുള്ളത്.

തൃശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന സമിതിയുടെ സിറ്റിങ്ങിൽ അദ്ധ്യക്ഷൻ ചിറ്റയം ഗോപകുമാർ അംഗങ്ങളായ കെ ആൻസലൻ, കെ ഡി പ്രസേനൻ, ടി വി ഇബ്രാഹിം, ജില്ലാ കളക്ടർ എസ് ഷാനവാസ്, എഡിഎം റെജി പി ജോസഫ്, നിയമസഭാ ജോയിന്റ് സെക്രട്ടറി ഷാജി ഡി ബേബി തുടങ്ങിയവർ പങ്കെടുത്തു. ലഭിച്ച 9 പരാതികൾ ഉൾപ്പെടെ 16 പരാതികൾ സമിതി പരിഗണിച്ചു.

## നവോദയ പ്രവേശനം

മായന്നൂർ ജവഹർ നവോദയ വിദ്യാലയത്തിൽ 2020-2021 അദ്ധ്യയന വർഷം ആറാം ക്ലാസ്സ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഓൺലൈനായി അപേക്ഷ സെപ്റ്റംബർ 15 നകം നൽകണം. പ്രവേശനം ലഭിക്കുന്നവർക്ക് സൗജന്യമായി വിദ്യാഭ്യാസം, ഭക്ഷണം, താമസം എന്നിവ ലഭിക്കും. ഫോൺ : 04884-286260.

## ഗവ. മെഡിക്കൽ കോളേജിൽ ഒഴിവുകൾ

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ഓട്ടിസം സെന്ററിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ, ക്ലിനിങ് സ്റ്റാഫ് എന്നീ തസ്തികകളിൽ കരാർ നിയമനം നടത്തുന്നു. ഒക്കുപേഷണൽ തെറാപ്പി ബിരുദമാണ് തെറാപ്പിസ്റ്റിന്റെ യോഗ്യത. സ്പെഷ്യൽ എഡ്യുക്കേഷൻ ബിരുദമാണ് എഡ്യുക്കേറ്ററുടെ യോഗ്യത. 50 വയസ്സിനു താഴെയുള്ളവർക്ക് ക്ലിനിങ് സ്റ്റാഫിന് അപേക്ഷിക്കാം. താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതം ജൂലൈ 12 രാവിലെ 11 ന് കോളേജ് ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ : 0483-2764056.

## സിഡിറ്റിൽ ഡിപ്ലോമ

സി-ഡിറ്റിന്റെ കവടിയാർ കേന്ദ്രത്തിൽ സൗണ്ട് ഡിസൈൻ ആൻഡ് എഞ്ചിനീയറിങ്, ഡിജിറ്റൽ മീഡിയ പ്രൊഡക്ഷൻ, വെബ് ഡിസൈൻ ആൻഡ് ഡവലപ്പ്മെന്റ് എന്നിവയിൽ ഡിപ്ലോമയ്ക്കും വീഡിയോഗ്രാഫി, നോൺ ലീനിയർ എഡിറ്റിങ്, ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രാഫി എന്നിവയിൽ സർട്ടിഫിക്കറ്റ് പരിശീലനത്തിനും അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 15. ഫോൺ : 0471-2721917, 8547720167.

## ലക്ചറർ ഒഴിവ്

തൃശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കെമിസ്ട്രി ലക്ചറർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. എംഎസ് സി കെമിസ്ട്രിയും നെറ്റുമാണ് യോഗ്യത. നെറ്റ് ഇല്ലാത്തവരുടെ അഭാവത്തിൽ മറ്റുള്ളവരെ പരിഗണിക്കും. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതം ജൂലൈ 11 രാവിലെ 10 ന് എഴുത്തുപരീക്ഷയ്ക്കും അഭിമുഖത്തിനും എത്തണം. ഫോൺ : 0487-2333290.

## ഡിഗ്രി സീറ്റ് ഒഴിവ്

തൃത്താല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഈ അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിഎ ഇംഗ്ലീഷ്, ബികോംഫിനാൻസ്, ബി എസ് സി മാത്തമാറ്റിക്സ് വിഷയങ്ങളിൽ സ്പോർട്സ് ക്വാട്ടയിലും ബി എസ് സി മാത്തമാറ്റിക്സിൽ ഭിന്നശേഷി ക്വാട്ടയിലും സീറ്റ് ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ ജൂലൈ 12 രാവിലെ 11 ന് അസ്സൽ സർട്ടിഫിക്കറ്റ് സഹിതം കോളേജിൽ എത്തണം. ഫോൺ : 0466-2270335, 2270353.

## ജലോത്സവം സംഘാടകസമിതി രൂപീകരണം

ഓണാഘോഷത്തിന്റെ ഭാഗമായുള്ള കണ്ടശ്ശാങ്കടവ് ജലോത്സവം സെപ്റ്റംബർ 12 ന് നടത്തും. സംഘാടക സമിതി രൂപീകരണയോഗം ഉദ്ഘാടനം ജൂലൈ 11 വൈകീട്ട് 4 ന് കണ്ടശ്ശാങ്കടവ് പന്തൽ ഓഡിറ്റോറിയത്തിൽ മുരളി പെരുനെല്ലി എം എൽ എ നിർവഹിക്കും. മണലൂർ പഞ്ചായത്ത് പ്രസിഡന്റ് വിജി ശശി അധ്യക്ഷത വഹിക്കും. ത്രിതല പഞ്ചായത്ത പ്രതിനിധികൾ, രാഷ്ട്രീയ - സാമൂഹ്യ- സാംസ്കാരിക പ്രവർത്തകർ പങ്കെടുക്കുമെന്നു വാടാനപ്പിള്ളി പഞ്ചായത്ത് പ്രസിഡന്റും പരിപാടിയുടെ കൺവീനറുമായ ഷിജിത് വടക്കുംചേരിയും മണലൂർ പഞ്ചായത്ത് പ്രസിഡന്റ് വിജി ശശിയും അറിയിച്ചു.

# കുട്ടികൾ സത്യാന്വേഷികളായി വളരണം: ഡോ. ടി കെ നാരായണൻ

കുട്ടികൾ സത്യാന്വേഷികളായി വളരണമെന്ന് കേരള കലാമണ്ഡലം വൈസ് ചാൻസലർ ഡോ. ടി കെ നാരായണൻ. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിക്കുന്ന അക്ഷരയാത്രയുടെ പോട്ടോർ കുലപതി മുൻഷി ഭവൻസ് വിദ്യാമന്ദിറിലെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കുട്ടികൾ സത്യാന്വേഷികളാവണം. സത്യം അന്വേഷിക്കുന്നത് വായനയിലൂയെയാണ്, പഠനത്തിലൂടെയാണ്, പരസ്പരം അറിവുകൾ പങ്കുവയ്ക്കുന്നതിലൂടെയാണ്. മറ്റുള്ള മനുഷ്യരുടെ വേദന മനസ്സിലാക്കുമ്പോഴും സഹായിക്കുമ്പോഴുമാണ് നാം മനുഷ്യരാവുന്നത് അദ്ദേഹം പറഞ്ഞു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം സി ആർ ദാസ് അദ്ധ്യക്ഷത വഹിച്ചു. കാവ്യാലാപനമത്സരത്തിൽ വിജയികളായ കുട്ടികൾക്കുള്ള സമ്മാനങ്ങളും സർട്ടിഫിക്കറ്റും സി ആർ ദാസ് സമ്മാനിച്ചു. സ ്കൂൾ വൈസ് പ്രിൻസിപ്പൽ ബി വിജയലക്ഷ്മി, സ്കൂൾ ലൈബ്രേറിയൻ പ്രവീൺ സി, സ്കൂൾ ക്യാപ്റ്റൻ സതീർത്ഥ്യ ശങ്കർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രേറിയൻ കം ഡോക്യുമെന്റേഷൻ ഓഫീസർ ഉല്ലാസ് സി ജി എന്നിവർ സംസാരിച്ചു. സ്കൂളിലെയും സമീപസ ്കൂളുകളിലെയും കുട്ടികൾക്ക് ബാലസാഹിത്യ പുസ്തകങ്ങൾ പകുതിവിലയ്ക്ക് ലഭ്യമാക്കുന്ന പുസ്തകമേളയും അക്ഷരാത്രയുടെ ഭാഗമാണ്. ഒരു സ്കൂളിൽ രണ്ടു ദിവസമാണ് പുസ്തകപ്രദർശനം. സ്കൂൾ സമയത്ത് കുട്ടികൾക്ക് പുസ്തകങ്ങൾ വാങ്ങാം.

### എംഎൽഎയും ജില്ലാകളക്ടറും സ്ഥലം സന്ദർശിച്ചു

# ഒല്ലൂർ ഗവ. കോളേജിലെ ഗർത്തം ഉടൻ നികത്തും

ഒല്ലൂർ ഗവ. കോളേജ് താൽക്കാലിക കെട്ടിടത്തോട് ചേർന്ന് രൂപപ്പെട്ട ഗർത്തം പരിശോധിച്ച് ഒരാഴ്ച്ചക്കകം നികത്തി സുരക്ഷിതമാക്കാൻ ചൊവ്വാഴ്ച കോളേജിൽ ചേർന്ന ഉദ്യോഗസ്ഥ ജനപ്രതിനിധി തല യോഗം തീരുമാനിച്ചു. ദുരന്ത നിവാരണനിയമത്തിന്റെ പ്രത്യേക പരിരക്ഷയിൽ കളക്ടറുടെ ഉത്തരവ് പ്രകാരം തൃശൂർ കോർപ്പറേഷൻ നേരിട്ടാണ് ഗർത്തം നികത്തുക ഇതിനുള്ള ചെലവ് കോർപ്പറേഷൻ വഹിക്കും. ഗവ. ചീഫ് വിപ്പ് അഡ്വ. കെ രാജൻ എംഎൽഎ യുടെ സാന്നിദ്ധ്യത്തിൽ വിളിച്ച് ചേർത്ത യോഗത്തിൽ ജില്ലാ കളക്ടർ എസ് ഷാനവാസ്, ആർഡിഒ പി എ വിഭൂഷൺ, മറ്റ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

കോളേജിന് ഭൂമി വാങ്ങുന്നത് സംബന്ധിച്ച പ്രത്യേക യോഗം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി കെ ടി ജലീലിന്റെ സാന്നിദ്ധ്യത്തിൽ ബുധനാഴ്ച തിരുവനന്തപുരത്ത് ചേരുമെന്ന് അഡ്വ. കെ രാജൻ എംഎൽഎ പറഞ്ഞു. ഒല്ലൂർ വിഎച്ച്എസ്സിക്കായി രണ്ട് കോടിയിലേറെ ചെലവിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി വേഗം പൂർത്തിയാക്കാൻ കോസ്റ്റ് ഫോർഡിന് യോഗം നിർദ്ദേശം നൽകി. കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായുള്ള മരംമുറിച്ച മാറ്റൽ വനം വകുപ്പിന്റെ സഹകരണത്തോടെ ഉടൻ നടപ്പാക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. കെട്ടിടം പണിപൂർത്തീയായാൽ കോളേജിന്റെ പ്രവർത്തനം തൽക്കാലത്തേക്ക് പുതിയ കെട്ടിടത്തിലേക്ക് മാറ്റും.

ഗർത്തംകാരണം അടിച്ചിട്ട രണ്ട് ക്ലാസ്സുമുറികൾക്ക് പകരം ബിആർസിയുടെ മുകളിലത്തെ ഹാൾ പകുത്ത് ഉപയോഗിക്കും. ബിആർസി യോഗങ്ങൾക്ക് സ്കൂളിലെ മുല്ലനേഴി ഹാൾ നൽകും. യോഗത്തിൽ കോർപ്പറേഷൻ കൗൺസിലർമാരായ വർഗ്ഗീസ് കണ്ടംകുളത്തി, സി പി പോളി, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# വനിതകൾക്ക് സ്വയം തൊഴിൽ വായ്പ

വനിതാ വികസന കോർപ്പറേഷൻ ന്യൂനപക്ഷ, ഹിന്ദു മുന്നോക്ക/പിന്നോക്ക/പട്ടികജാതി ഉൾപ്പെട്ട നിശ്ചിത വരുമാന പരിധിയുൾപ്പെടുന്ന 18 നും 55 നും മദ്ധ്യേ പ്രായമുള്ള തൊഴിൽ രഹിതരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ വായ്പ നൽകുന്നു. ജാമ്യവ്യവസ്ഥയിൽ ആറ് ശതമാനം പലിശ നിരക്കിലാണ് വായ്പ. താൽപര്യമുള്ളവർ www.kswdc.org എന്ന വെബ് സൈറ്റിൽ ലഭിക്കുന്ന അപേക്ഷഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകളോടു കൂടി തൃശൂർ ജില്ലാ ഓഫീസിൽ നൽകണം. ഫോൺ : 9496015013.

## കലാ-കായിക മത്സരങ്ങൾ സംഘാടകസമിതി രൂപീകരണയോഗം

ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമുള്ള ജില്ലാതല കലാ-കായിക മത്സരങ്ങൾ ഓഗസ്റ്റ് നാലിന് തൃശൂരിൽ നടത്തും. മത്സരത്തിന്റെ സംഘാടകസമിതി രൂപീകരണ യോഗം ജൂലൈ 11 വൈകീട്ട് മൂന്നിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

## പിഎസ്സി പുന:പരീക്ഷ

എക്സൈസ് വകുപ്പിലെ വുമൺ സിവിൽ എക്സൈസ് ഓഫീസർ തസ്തികയ്ക്ക് കാറ്റഗറി നമ്പർ 501/17 കോഴിക്കോട് ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരിൽ 2018 ഫെബ്രുവരി 24 ന് നടന്ന പരീക്ഷ എഴുതിയ 15153 ഉദ്യോഗാർത്ഥികളെയും കണ്ണൂർ ജില്ലയുടെ 2526 ാം നമ്പർ കേന്ദ്രത്തിൽ പരീക്ഷ എഴുതിയിരുന്ന കണ്ണൂർ ജില്ലയിലേക്ക് അപേക്ഷിച്ച റജിസ്റ്റർ നമ്പർ 461465, 461466, 461468, 461472, 461473 എന്നീ അഞ്ച് ഉദ്യോഗാർത്ഥികളേയും കോഴിക്കോട് 2399-ാം നമ്പർ കേന്ദ്രത്തിൽ പരീക്ഷ എഴുതിയ മലപ്പുറം ജില്ലയിലേയ്ക്ക് അപേക്ഷിച്ച റജിസ്റ്റർ നമ്പർ 428126 എന്ന ഉദ്യോഗാർത്ഥിയേയും ജൂലൈ 27 ന് നടക്കുന്ന എക്സൈസ് വകുപ്പിലെ വുമൺ സിവിൽ/എക്സൈസ് ഓഫീസർ എൻസിഎ വിജ്ഞാപനം കാറ്റഗറി നമ്പർ 196/2018 മുതൽ 205/2018 എന്ന തസ്തികയുടെ ഒഎംആർ പൊതു പരീക്ഷയിൽ ഉൾപ്പെടുത്തി പുന:പരീക്ഷ നടത്തുമെന്ന് കോഴിക്കോട് ജില്ലാ ഓഫീസർ അറിയിച്ചു. ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് പ്രൊഫൈലിൽ ലഭ്യമാക്കുന്നതാണ്

## ഞാറ്റുവേല 2019: സോയിൽ ഹെൽത്ത് കാർഡ് വിതരണം നടത്തി

തൃശൂർ കോർപറേഷനിൽ മണ്ണ് പരിശോധനയുടെ ഭാഗമായി മണ്ണിന്റെ ഫലപുഷ്ടി നിർണയിച്ചു പരിഹാര മാർഗങ്ങളും ശുപാർശകളും രേഖപ്പെടുത്തിയ സോയിൽ ഹെൽത്ത് കാർഡിന്റെ വിതരണോദ്ഘാടനം മേയർ അജിത വിജയൻ നിർവഹിച്ചു. ചെമ്പുക്കാവ് താലൂക്ക് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ ചെമ്പുക്കാവ് ഡിവിഷൻ കൗൺസിലർ കെ മഹേഷ് അധ്യക്ഷത വഹിച്ചു. കോർപറേഷനിലെ ഒന്ന് മുതൽ ഒമ്പതു വരെയുള്ള ഡിവിഷനുകളിൽ 20 സെന്റും അതിനു മുകളിൽ ഭൂമിയുമുള്ള 2000 കർഷകർക്കാണ് കാർഡ് വിതരണം ചെയ്തത്. മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പുകൾ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. കർഷകർക്ക് സൗജന്യമായി തൈയും വിതരണം ചെയ്തു. പരിപാടിയുടെ ഭാഗമായി കാർഷിക പ്രശ്നോത്തരിയും സംഘടിപ്പിച്ചു. ഒന്നാം സ്ഥാനം പ്രീതിയും സംഘവും നേടി. രണ്ടാം സ്ഥാനം കൈരളി-അമ്പിളി സംഘങ്ങൾ പങ്കിട്ടു. ഉത്തരമേഖലാ മണ്ണ് പര്യവേക്ഷണ ഡെപ്യൂട്ടി ഡയറക്ടർ ബിന്ദു രാജഗോപാൽ, അസിസ്റ്റന്റ് ഡയറക്ടർ അബ്ദുൽ ഹമീദ് വി, തൃശൂർ താലൂക്ക് തഹസിൽദാർ ജോർജ് ജോസഫ്, മണ്ണ് പര്യവേക്ഷണ ഓഫീസർമാരായ എം എ സുധീർബാബു, ഡോ തോമസ് അനീഷ് തുടങ്ങിയവർ പങ്കെടുത്തു.